# പാരിമാണികങ്ങളുടെ വ്യാപ്തി
# —ഒരു വാക്യഘടനാ വിശകലനം.

ഡോ. സൌമ്യ പി.എൻ.
അസി: പ്രൊഫസർ (on contract), ഭാഷാശാസ്ത്ര വിഭാഗം,,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.

ഭാഷാവിശകലനങ്ങളിൽ ഘടനാപരമായ വിശകലനങ്ങളാണ് പ്രധാന സ്ഥാനം വഹിക്കുന്നത് രൂപ-വാക്യ ഘടനകളിൽ പ്രസക്തമായ വ്യാപ്തി എന്ന ആശയം ചർച്ചചെയ്യുകയാണ് ഈ പ്രബന്ധം കൊണ്ട് ഉദ്ദേശിക്കുന്നത്.

മലയാളത്തിൽ നടക്കുന്ന ഭാഷാസംബന്ധിയായ ഗവേഷണങ്ങളിൽ പ്രധാനസ്ഥാനം വ്യാകരണത്തിനു കല്പിക്കപ്പെടാറുണ്ട്. എന്നാൽ ഭാഷയുടെ ഘടനാപരമായ വിശകലനങ്ങൾ വിരളമായേ നടക്കാറുള്ളൂ. രൂപഘടനാപരമായ പഠനങ്ങളാണു അവയിൽ ഏറെയും. വാക്യതലത്തിലും അർഥ തലത്തിലും ഘടനാപരമായ വിശകലനങ്ങൾ ഇല്ലെന്നു തന്നെ പറയാം.

## വാക്യഘടനാവിശകലനം സാർവഭാഷിക വ്യാകരണത്തിൽ

ചോംസ്കിയൻ ആശയമായ സാർവഭാഷിക വ്യാകരണ സിദ്ധാന്തം പ്രധാനമായും വാക്യഘടനാധിഷ്ഠിതമാണ്. മനുഷ്യർ സംസാരിക്കുന്ന ഭാഷകൾക്കെല്ലാം അടിസ്ഥാനമായ ഒരു പൊതുവ്യാകരണ വ്യവസ്ഥ ഉണ്ട്, അത് ജന്മസിദ്ധമാണ് എന്നാണു ചോംസ്കിയൻ ഭാഷാശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനം. ഇതനുസരിച്ച് ഓരോ ഭാഷയുടെയും പദക്രമം മുതലായ സവിശേഷതകൾ വിശകലനം ചെയ്യുകയും പൊതുനിയമങ്ങൾ—ഇവയെ സാർവഭാഷിക നിയമങ്ങൾ എന്നു പറയാം—കണ്ടെത്തുകയും ചെയ്യുന്നു. ഭാഷകൾ ചില സവിശേഷതകളിൽ വ്യത്യസ്തത കാണിക്കുന്ന

സന്ദർഭത്തിൽ അവ ഘടനാപരമായി വിശദീകരിക്കാൻ ശ്രമിക്കുകയും ആവശ്യമെങ്കിൽ മേല്പറഞ്ഞ പൊതുനിയമങ്ങൾ അതിനനുസരിച്ച് പരിഷ്കരിക്കുകയും വേണം.

മലയാളത്തിലെ ഏതാനും വാക്യഘടനാസവിശേഷതകൾ ഇത്തരത്തിൽ സാർവഭാഷിക വ്യാകരണ ദൃഷ്ടിയിലൂടെ പരിശോധിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഒരു വാക്യത്തിന്റെ വ്യാഖ്യാനത്തിനു അതിലെ രൂപിമങ്ങളുടെയും പദങ്ങളുടെയും പരസ്പരമുള്ള ഘടനാപരമായ ബന്ധവും അത് നൽകുന്ന വ്യത്യസ്ത വ്യാഖ്യാന സാധ്യതകളുമെല്ലാം പ്രസക്തമാണ്. സ്വതന്ത്ര പദക്രമമുള്ള ഭാഷകളിൽ ഘടനാപരമായ അർഥ സന്ദിഗ്ധത നിശ്ചിതമായ പദക്രമമുള്ള ഭാഷകളെ അപേക്ഷിച്ച് കുറവായിരിക്കും എന്നു പറയാറുണ്ട്.

മലയാളത്തിനു താരതമ്യേന സ്വതന്ത്രമായ പദക്രമമാണ് ഉള്ളത്. ശൈലീബദ്ധമായാണ് പദക്രമത്തിൽ മാറ്റങ്ങൾ വരുന്നത് എന്നാണ് കേരളപാണിനിയുൾപ്പെടെയുള്ള വ്യാകരണകാരന്മാരുടെ വാദം. എന്നാൽ ഈ വാദത്തോട് യോജിക്കാനാവില്ല എന്നു മലയാളത്തിന്റെ വാക്യഘടനാപഠനങ്ങളിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള ചോംസ്കിയൻ ഭാഷാശാസ്ത്ര ചിന്തകനായ പ്രൊഫെസ്സർ മാധവൻ അഭിപ്രായപ്പെടുന്നു. വാക്യഘടനാപരമായി അനുവദനീയമായ മാറ്റങ്ങളാണ് ഏതു ഭാഷയിലും പ്രകടമാവുന്നത് എന്നാണ് ചോംസ്കിയുടെ സാർവഭാഷിക വ്യാകരണത്തിന്റെ മതം എന്ന് മാധവൻ അഭിപ്രായപ്പെടുന്നു. കർമ്മണി പ്രയോഗത്തിലായാലും ആഖ്യാകരണത്തിലായാലും സാധാരണ പദക്രമത്തിൽ നിന്നു വ്യത്യസ്തമായി കർമത്തിനോ വാക്യത്തിലെ കർത്താവല്ലാത്ത മറ്റു ഘടകങ്ങൾക്കോ കൂടുതൽ ഊന്നൽ ലഭിക്കുന്നതിനായാണ് അവ ആന്തരഘടനയിലെ സ്ഥാനത്തുനിന്നു ചലിക്കുന്നത്.

കർത്താവ്-കർമം-ക്രിയ എന്ന മലയാളത്തിലെ സ്വാഭാവികപദക്രമത്തിലാണ് വാക്യം (1). കർമത്തിനു കൂടുതൽ ഊന്നൽ കിട്ടുന്ന ഘടനയാണ് വാക്യം (2).

1. അമ്മ കുട്ടിക്ക് ചോറു കൊടുത്തു.
2. കുട്ടിക്ക് അമ്മ ചോറു കൊടുത്തു

ജയശീലൻ (2001) അഭിപ്രായപ്പെടുന്നത് വാക്യത്തിലെ ലഘുക്രിയാപദസംഹിതയുടെ (vP) ഇടത്തേയറ്റത്തുള്ള Topic എന്ന സ്ഥാനത്തേക്കാണ് ഇത്തരത്തിൽ സ്ഥാനാന്തരണം സംഭവിക്കുന്ന ഘടകങ്ങൾ എത്തിച്ചേരുന്നത് എന്നാണ്. വാക്യഘടനാപരമായ ചില സവിശേഷതകളാണ് പദക്രമത്തിൽ വരുന്ന മാറ്റത്തിനു കാരണമെന്ന് മാധവനെപ്പോലെതന്നെ ജയശീലനും അഭിപ്രായപ്പെടുന്നു.

വാക്യത്തിൽ ഒരു ഘടകത്തിനു കൂടുതൽ ഊന്നൽ ലഭിക്കുന്ന ഉദാഹരണങ്ങളാണു ഇതുവരെ കണ്ടത്. ഈ സന്ദർഭങ്ങളിലെല്ലാം ഇത്തരത്തിൽ ഊന്നൽ ലഭിക്കുന്ന ഘടകത്തിനു മറ്റു വാക്യഘടകങ്ങളുടെ, വിശേഷിച്ചും പരാശ്രയ പദങ്ങളുടെ അർഥവ്യാഖ്യാനത്തെ സ്വാധീനിക്കാനാവും. ഒരു വാക്യ ഘടകത്തിനു സ്വാധീനിക്കാനാവുന്ന വാക്യ ഭാഗത്തെ അതിന്റെ വ്യാപ്തി എന്നു പറയാം. എല്ലാ വാക്യഘടകങ്ങൾക്കും നിശ്ചിത വ്യാപ്തി ഉണ്ട്. രണ്ടു ഘടകങ്ങളുടെ വ്യാപ്തി പരസ്പരം കലർന്നിട്ടാകുമ്പോൾ, അതായത് ഒരു ഘടകം മറ്റൊന്നിന്റെ വ്യാപ്തിയിൽ ഉള്ളടങ്ങിയിരിക്കുമ്പോൾ അത് ആപേക്ഷികവ്യാപ്തി എന്നറിയപ്പെടുന്നു. പാരിമാണികങ്ങൾ, നിഷേധവാചികൾ, സാംഖികം, മുതലായവക്കെല്ലാം വ്യാപ്തി സ്വീകരിക്കാനാവും.

സാധാരണയായി ആപേക്ഷികവ്യാപ്തി എന്ന ആശയം പ്രസക്തമാവുന്നത് ഒരേ വാക്യത്തിൽ തന്നെ ഒന്നിലധികം പാരിമാണികങ്ങളോ ഒരു പരിണാമികവും നിഷേധവാചിയും ചേർന്നോ, സർവനാമത്തോടൊപ്പമോ പ്രയോഗിക്കപ്പെടുമ്പോഴാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് ഒരു വാക്യത്തിന്റെ അർഥ നിർണ്ണയം എന്നത്  വാക്യഘടകങ്ങളുടെ തിരശ്ചീനമായ പരസ്പര ബന്ധം മാത്രം കണക്കിലെടുത്തല്ല എന്നതാണ്. പാരിമാണികങ്ങൾ പോലെയുള്ള വ്യാപ്തി കൈക്കൊള്ളുന്ന ഘടകങ്ങളുടെ (scope bearing elements) രൂപഘടനയും അവയുടെ വാക്യത്തിലെ ഘടനാപരമായ ധർമങ്ങളും പ്രധാനമാണ്. പാരിമാണികങ്ങളുടെ രൂപഘടന സംബന്ധിച്ച് സാമ്പ്രദായിക വ്യാകരണങ്ങളിലെ പ്രസക്തമായ ചർച്ചകൾ പരാമർശിക്കുകയാണ് അടുത്തതായി ചെയ്യേണ്ടത്.

### മലയാളത്തിലെ പാരിമാണികങ്ങൾ– സാമ്പ്രദായിക വ്യാകരണങ്ങളിൽ

പാരിമാണികങ്ങൾ എന്ന പദം കൊണ്ട് അളവിനെ കുറിക്കുന്ന ഭേദകങ്ങൾ, നാമപദസംഹിതകൾ എന്നിവയൊക്കെയാണു ഉദ്ദേശിക്കുന്നത്. ഇംഗ്ലിഷിൽ all, some, every, each, many എന്നിവയൊക്കെ പാരിമാണികങ്ങൾക്ക് ഉദാഹരണങ്ങളാണ്. എല്ലാ, ചില, കുറേ, മിക്ക എന്നിങ്ങനെയുള്ള ഭേദകങ്ങളും, എല്ലാവരും, എല്ലാ കുട്ടികളും മുതലായ നാമപദസംഹിതകളും ഒക്കെ മലയാളത്തിൽ സമാനമായ ഉദാഹരണങ്ങളാണ്.

പാരിമാണികങ്ങളുടെ രൂപഘടനാപരമായ പഠനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത്. പ്രധാനമായും ജോർജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥത്തിൽ പാരിമാണികങ്ങളുടെ

രൂപഘടനയെക്കുറിച്ചുള്ള വിശദമായ ചർച്ചകളുണ്ട്. സർവാർഥ സർവനാമങ്ങൾ എന്ന വിഭാഗത്തിൽ 'ഒരുത്തൻ, ചിലവൻ, പലവൻ, എല്ലാവനും' എന്നീ അളവുമൊഴികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രഥകങ്ങളോടൊപ്പം –ഉം ചേർന്നുകിട്ടുന്ന 'ആരും, എന്തും' എന്നിവയും സർവാർഥ സർവനാമങ്ങൾ തന്നെ എന്നഭിപ്രായപ്പെടുന്നു. പിൽക്കാല വ്യാകരണങ്ങളിൽ ഒരൊറ്റ രൂപിമമായി, 'discontinuous morpheme' എന്നതിന് ഉദാഹരണമായാണു 'എല്ലാ കുട്ടികളും' എന്നതിലെ എല്ലാ…ഉം എന്നത് ചേർത്തിരിക്കുന്നത്. എന്നാൽ മാത്തൻ ഇത്തരം ഭേദകങ്ങൾക്ക് സങ്കീർണ്ണ രൂപഘടന ഉള്ളതായി മനസ്സിലാക്കുന്നു. മാത്രമല്ല, ഈ ഘടന ആധാരമായ പദത്തെ, (ഇവിറ്റെ കുട്ടികൾ) വെവ്വേറെയാക്കി പിരിക്കുകയാണ് ചെയ്യുന്നത് എന്നഭിപ്രായപ്പെടുന്നു. ഈ നിരീക്ഷണം പ്രജനക പാരമ്പര്യത്തിലെ നിപാതങ്ങളുടെ ബഹുധർമത്വത്തെക്കുറിച്ചും (multifunctionality) അളവു മൊഴികളുടെ രൂപവാക്യഘടനാപരമായ വിശകലനത്തിലുള്ള പഠനങ്ങളിൽ ഏറെ പ്രസക്തമാണെന്ന് സൌമ്യ (2017) അഭിപ്രായപ്പെടുന്നു. –ഉം എന്ന അവ്യയത്തിന്റെ വ്യത്യസ്ത ധർമങ്ങളായി സമബന്ധം (Conjunction) അനുബന്ധം (additive), വിശേഷത (Focus), തികവ്, നിറവ് (exhaustive) എന്നീ അർഥങ്ങൾ പട്ടുതിഭേദം പോലെ കാണിക്കുന്നു എന്നഭിപ്രായപ്പെടുന്നുണ്ട്. ഈ നിരീക്ഷണം ഒരുപക്ഷേ, സാമ്പ്രദായിക വ്യാകരണത്തിൽ അത്ര പ്രസക്തമല്ല. പക്ഷേ, സാർഭാഷിക വ്യാകരണത്തിന്റെ പ്രജനക പാരമ്പര്യത്തിൽ ഇതരഭാഷകളിലെ സമാനഘടകങ്ങളുടെ താരതമ്യത്തിൽ ഇത് ഏറെ പ്രസക്തമാണ്. ഉദാഹരണമായി ഹംഗേറിയൻ, ജാപ്പനീസ്, സിംഹള ഭാഷകളിൽ 'ഉം' എന്ന അവ്യയത്തിനു സമാനമായ ഘടകങ്ങൾ അളവുമൊഴികളുടെ രൂപഘടനയിൽ ഉൾപ്പെട്ടിരിക്കുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള താരതമ്യ പഠനത്തിന് സാമ്പ്രദായിക വ്യാകരണത്തിലെ സവിശേഷമായ ഉൾക്കാഴ്ച നല്കാനാവും.

മിഷണറി വ്യാകരണകാലത്തെ ചർച്ചകൾക്കുശേഷം അളവുമൊഴികൾ മലയാള വ്യാകരണഗ്രന്ഥങ്ങളിൽ ശ്രദ്ധിക്കപ്പെടുന്നത് രവിശങ്കർ എസ് നായരുടെ കൃതിയിലാണ്. അവിടെയും വിശദമായ രൂപഘടനാവിശകലനത്തിനു മുതിരുന്നതായി കാണാനാവില്ലതാനും.

പാരിമാണികങ്ങളുടെ രൂപഘടനാപരമായ വിശകലനങ്ങൾ സൂചിപ്പിക്കുന്നത് അതിനു വാക്യങ്ങളുടെ അർഥ വ്യാഖ്യാനത്തെ സ്വാധീനിക്കാനാവുമെന്നാണ്.

വാക്യഘടനാപരമായി നോക്കിയാൽ ഏറെ പ്രധാനപ്പെട്ട ഒരു ആശയമാണു വ്യാപ്തി എന്നത്. വാക്യത്തിന്റെ അർഥവുമായി

ബന്ധപ്പെട്ടതാകയാൽ വ്യാപ്തിയുടെ വിശദീകരണങ്ങൾ പലപ്പോഴും അർത്ഥ വാക്യതലങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നു. പാരിമാണികങ്ങൾ വ്യാപ്തി കൈക്കൊള്ളുന്നതിനു ഉദാഹരണമായി രണ്ടു വാക്യങ്ങൾ പരിശോധിക്കാം.

1. കുട്ടികൾ ഒരു പുസ്തകം വായിച്ചു.
2. ഒരു പുസ്തകം കുട്ടികൾ വായിച്ചു

ഇവിടെ വാക്യം (1) മലയാളത്തിനു സ്വാഭാവികമായ പദക്രമത്തിലാണ്. അതായത് കർത്താവ്-കർമ്മം-ക്രിയ എന്ന ക്രമത്തിൽ. ഇതിനർഥം സന്ദർഭത്തിൽ പ്രസക്തമായ ഒരു ഗണം കുട്ടികൾ പുസ്തകം വായിച്ചു എന്നാണ്. കുട്ടികൾ ആണ് വാക്യത്തിന്റെ ആഖ്യ. ഒരു പുസ്തകം എന്ന ഘടകത്തിനു ഊന്നൽ നല്കി വായിച്ചാൽ ഒരു പ്രത്യേക പുസ്തകമാണ് വായിച്ചത് എന്ന അർത്ഥം കൂടി ഇതിന് അർഥം കിട്ടാവുന്നതാണ്. എന്നാൽ പദക്രമത്തിൽ മാറ്റം വരുത്തിയ രണ്ടാമത്തെ വാക്യത്തിലോ? പ്രാഥമികമായി ഈ വാക്യം ഒരു പുസ്തകത്തെ സംബന്ധിച്ചാണ്, അല്ലെങ്കിൽ പുസ്തകമാണ് വാക്യത്തിന്റെ ആഖ്യ. കുട്ടികൾ എല്ലാവരും വായിച്ച പുസ്തകം ഒന്നുതന്നെയാണ് എന്ന് വിവേചിക്കുന്നുണ്ട് ഇവിടെ. ഒരു പുസ്തകം എന്നതിനു വിവേചകാർഥം കിട്ടുന്നു. ഇങ്ങനെയുള്ള വായന വാക്യഘടകങ്ങൾ പരസ്പരമുള്ള വ്യാപ്തി എന്ന ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഒരു വ്യാകരണിക ഭാഗത്തിന് അംഗാധികാരം ചെയ്യാനാവുന്ന വാക്യഭാഗമാണ് അതിന്റെ വ്യാപ്തി എന്നു വാക്യഘടനാസംജ്ഞകളിലൂടെ നിർവചിക്കാം. ഉദാഹരണത്തിനു, കർത്താവ്, കർമത്തെ അല്ലെങ്കിൽ ആഖ്യ, ആഖ്യാതത്തെ ശ്രേണീപരമായി അംഗാധികാരം ചെയ്യുന്നു. സാങ്കേതിക വിശദീകരണങ്ങളിലേക്ക് കടക്കാതെ വാക്യഘടകങ്ങളുടെ ശ്രേണീപരമായ ബന്ധമാണ് അംഗാധികാരം എന്നും അത് തിരശ്ചീനമായ ഘടനയെ അല്ലെങ്കിൽ പദക്രമത്തെ സ്വാധീനിക്കുന്നു എന്നും മാത്രം സൂചിപ്പിക്കട്ടെ. അങ്ങനെ വരുമ്പോൾ ആഖ്യ ആഖ്യാതത്തിനുമേൽ വ്യാപ്തി കൈവരിക്കുന്നു എന്നു പറയാം.

ചോംസ്കിയുടെ ഭരണബന്ധന സിദ്ധാന്തമനുസരിച്ച് വാക്യഘടനയിൽ അടിസ്ഥാനപരമായ ഒരു വ്യാകരണിക ബന്ധമാണ് അംഗാധികാരം. താഴെ കൊടുത്തിരിക്കുന്ന വൃക്ഷ ചിത്രം ഈ ആശയം കൂടുതൽ വിശദമാക്കുന്നതിനു സഹായകമാവും.

ഇവിടെ ആഖ്യ ആഖ്യാതത്തെ അംഗാധികാരം ചെയ്യുന്നു. അതായത് ആഖ്യയായ നാമപദസംഹിത ആഖ്യാതത്തിലെ പദസംഹിതകളെയെല്ലാം (കർമത്തെയുൾപ്പെടെ) അംഗാധികാരം ചെയ്യുന്നു. അങ്ങനെ

ആഖ്യയായ നാമപദസംഹിതക്ക് ആഖ്യാതത്തിലെ പദസംഹിതകളുടെ മേൽ വ്യാപ്തിയും ലഭിക്കുന്നു. പദക്രമത്തിൽ വ്യത്യാസം സംഭവിക്കുന്ന സന്ദർഭത്തിൽ , ഉദാഹരണമായി കർമം കർത്താവിനുമേലെയുള്ള ഒരു സ്ഥാനത്തേക്ക് ചലിക്കുമ്പോൾ അതിനു കർത്താവിനുമേൽ അംഗാധികാരം ചെയ്യാനും വ്യാപ്തി കൈക്കൊള്ളാനും സാധിക്കുന്നു.

ഇതേ ആശയം അർഥതലത്തിൽ പ്രസക്തമാവുംവിധം പറഞ്ഞാൽ ഒരു വ്യാകരണിക ഭാഗത്തിനു വാക്യത്തിലെ ഏത് ഘടകങ്ങളുടെയെല്ലാം അർത്ഥത്തെ സ്വാധീനിക്കാൻ ആവുമോ ആ ഘടകങ്ങളെല്ലാം പ്രസ്തുത വ്യാകരണഭാഗത്തിന്റെ വ്യാപ്തിയിൽ പെടുന്നു. അളവുമൊഴികൾ അഥവാ പാരിമാണികങ്ങൾ എന്നറിയപ്പെടുന്ന ഭേദകങ്ങൾ വാക്യത്തിൽ മറ്റു ഘടകങ്ങളുടെ വ്യാഖ്യാനത്തിന്മേൽ സ്വാധീനം ചെലുത്താവുന്നതാണ്. അളവിനെ കുറിക്കുന്ന പദങ്ങളായ കുറെ, എല്ലാം, ചില മുതലായ പദങ്ങളാണ് അളവുമൊഴികൾ.

ഉദാഹരണത്തിനു (3)-(4) വാക്യങ്ങളിലെ അളവുമൊഴികളുടെ ആപേക്ഷിക വ്യാപ്തി പരിശോധിച്ചുനോക്കാം.

3. എല്ലാ കുട്ടികളും ഒരു ഗ്രഹത്തിന്റെ പേര് പറഞ്ഞു

-ഒരു പ്രത്യേക ഗ്രഹം ഉണ്ട്. അതിന്റെ പേര് എല്ലാ കുട്ടികളും പറഞ്ഞു.

-കുട്ടികൾ എല്ലാവരും ഗ്രഹത്തിന്റെ പേര് പറഞ്ഞു, എന്നാൽ അത് ഒരേ ഗ്രഹം തന്നെ ആവണമെന്നില്ല. (കുട്ടി 1 ബുധൻ, കുട്ടി 2 വ്യാഴം, എന്നിങ്ങനെ).

4. ഞാൻ എല്ലാ കുട്ടികൾക്കും ഒരു ഗ്രഹം കാണിച്ചു കൊടുത്തു.

-ഞാൻ എല്ലാ കുട്ടികൾക്കും ഒരു പ്രത്യേക ഗ്രഹം തന്നെ കാണിച്ചു കൊടുത്തു (ഉദാഹരണമായി വ്യാഴം)

-എല്ലാ കുട്ടികൾക്കും ഗ്രഹം കാണിച്ചു കൊടുത്തു, അത് കുട്ടികൾക്കനുസരിച്ച് വ്യത്യസ്തമാവാം.

ഈ രണ്ട് വാക്യങ്ങളിലും എല്ലാ കുട്ടികളും എന്ന വാക്യഭാഗം മറ്റു വാക്യഘടകങ്ങളുടെ അർഥത്തിന്മേൽ സ്വാധീനിക്കുന്ന ഒരു വായന ലഭ്യമാണ്. അതായത് എല്ലാ കുട്ടികളും എന്ന വാക്യഘടകത്തിനു വാക്യത്തിന്മെൽ വ്യാപ്തി ഉണ്ട്.

മുൻപ് സൂചിപ്പിച്ചപോലെ വ്യാപ്തി എന്നത് രണ്ട് പാരിമാണികങ്ങൾ തമ്മിലോ ഒരു പാരിമാണികവും സർവനാമവും തമ്മിലോ പാരിമാണികവും നിഷേധവാചിയും തമ്മിലോ ആവാം. ഒരു വാക്യത്തിൽ രണ്ടു പാരിമാണികങ്ങൾ ഉണ്ടെങ്കിൽ അവ പരസ്പരം അർഥനിർണ്ണയത്തെ

സ്വാധീനിക്കാവുന്നതാണ്. ആദ്യവാക്യം അതിനുദാഹരണമാണ്. നിഷേധവാചി ഉൾപ്പെടുന്ന ഒരു വാക്യം പരിശോധിക്കാം ഇനി.

5. രാമു എല്ലാ പുസ്തകങ്ങളും വായിച്ചില്ല

ഉദാഹരണം (5) ഒരൊറ്റ അർഥം മാത്രമേ സ്വാഭാവികമായി നല്കുന്നുള്ളൂ. നിഷേധവാചിക്ക് കർമ്മത്തിനുമേൽ വ്യാപ്തി കിട്ടുന്നു. അതായത് ഈ വാക്യം 'രാമു എല്ലാ പുസ്തകങ്ങളും വായിച്ചു' എന്ന പ്രസ്താവന നിഷേധിക്കുന്നു.

പദക്രമത്തിനനുസരിച്ച് 'എല്ലാ പുസ്തകങ്ങളും' എന്ന കർമ്മം നിഷേധത്തിനുമേൽ വ്യാപ്തി കൈവരിക്കുന്ന വ്യാഖ്യാനവും ലഭ്യമാകേണ്ടതാണ്. അതായത് 'രാമു വായിച്ചില്ല' എന്ന പ്രസ്താവന എല്ലാ പുസ്തകങ്ങളെ സംബന്ധിച്ചും ശരിയാവുന്ന വായന. എന്നാൽ അങ്ങനെയൊരർഥം ഈ വാക്യത്തിനു സ്വാഭാവികമായും ലഭിക്കുന്നില്ല. അതായത് 'എല്ലാ കുട്ടികളും' എന്ന പാരിമാണികത്തിനു നിഷേധത്തിനുമേൽ ആപേക്ഷികവ്യാപ്തി നേടാനാവില്ല.

എന്നാൽ എല്ലാ പാരിമാണികങ്ങൾക്കും ഈ നിബന്ധന ഇല്ല. പദക്രമമനുസരിച്ച് നിഷേധത്തിനു മേൽ വ്യാപ്തി സ്വീകരിക്കാവുന്ന പാരിമാണികങ്ങളാണ് സാംഖികങ്ങൾ, ആധിക്യത്തെ സൂചിപ്പിക്കുന്ന കുറേ മുതലായവ. (6), (7) വാക്യങ്ങൾ ഉദാഹരണങ്ങളാണ്.

6. രാമു രണ്ട് പുസ്തകങ്ങൾ വായിച്ചില്ല

ഈ വാക്യത്തിനു നിഷേധം കർമത്തിനു മേൽ വ്യാപ്തി നേടുന്ന വായനയും കർമം നിഷേധത്തിനുമേൽ വ്യാപ്തി നേടുന്ന വായനയും കിട്ടാവുന്നതാണ്.

- രണ്ട് പ്രത്യേക പുസ്തകങ്ങൾ ഉണ്ട്. അവ രാമു വായിച്ചില്ല. കർമം നിഷേധത്തിനുമേൽ വ്യാപ്തി നേടുന്നു

- രാമു രണ്ട് പുസ്തകങ്ങൾ വായിച്ചു എന്ന പ്രസ്താവന നിഷേധിക്കുന്നു. ഇവിടെ നിഷേധം കർമത്തിനുമേൽ വ്യാപ്തി നേടുന്നു.

7. കുറെ അമ്പുകൾ ലക്ഷ്യം കണ്ടില്ല

- ലക്ഷ്യം കാണാത്തതായി കുറെ അമ്പുകൾ ഉണ്ട്. 'കുറെ' എന്ന പാരിമാണികം നിഷേധത്തിനുമേൽ വ്യാപ്തി കൈക്കൊള്ളുന്നു.

-ലക്ഷ്യം കണ്ട അമ്പുകൾ കുറെ ഇല്ല, കുറച്ചേ ഉള്ളൂ എന്നർഥം വരുന്ന രണ്ടാമത്തെ വായനയിൽ കുറെ അമ്പുകൾ ലക്ഷ്യം കണ്ടു എന്ന പ്രസ്താവനയെ നിഷേധിക്കുന്നു. നിഷേധം 'കുറേ' എന്ന പാരിമാണികത്തിനുമേൽ വ്യാപ്തി കൈക്കൊള്ളുന്നു.

പദക്രമത്തിനനുസരിച്ചുള്ള ആപേക്ഷിക വ്യാപ്തിയാണ് മലയാളത്തിൽ ഏറ്റവും സ്വാഭാവികം. പാരിമാണികങ്ങൾ വിപരീത ദിശയിൽ—കർമം കർത്താവിന്മേൽ, ക്രിയാവിശേഷണം കർമത്തിന്മേൽ എന്നിങ്ങനെ —വ്യാപ്തി സ്വീകരിക്കുന്ന സന്ദർഭങ്ങളിൽ അവ ഊന്നൽ നല്കി ഉച്ചരിക്കപ്പെടുന്നു.അല്ലാത്ത പക്ഷം പദക്രമത്തിൽ മാറ്റം വരുത്തുന്നു. എന്നാൽ 'എല്ലാ' എന്ന പാരിമാണികത്തിനു പദക്രമത്തിൽ നിഷേധവാചിക്ക് മുൻപിലായിരുന്നിട്ടുകൂടി അതിനുമേൽ വ്യാപ്തി കൈക്കൊള്ളാൻ ആവില്ല എന്ന് കാണാം. ഇതിനു വാക്യഘടനാവിശകലനം നൽകേണ്ടതുണ്ട്. ഈ വിഷയം സാർവഭാഷിക വ്യാകരണത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് വിശദീകരിക്കേണ്ടതായതിനാലും, കൂടുതൽ സാങ്കേതികമായ ആശയങ്ങൾ ഉൾപ്പെടുന്നതിനാലും ഇവിടെ പരാമർശിക്കുന്നില്ല.

എല്ല പദങ്ങളും സർവാർഥങ്ങളാണ്, പ്രകരണനിഷ്ഠമായാണ് പദങ്ങളുടെ അർഥം നിശ്ചയിക്കേണ്ടത് എന്ന ആശയം സാമ്പ്രദായിക വ്യാകരണചിന്തകളിലല്പോലും മുൻപുതന്നെയുണ്ട്. ഇതേ ആശയം തന്നെയാണ് പാരിമാണികങ്ങളെ സംബന്ധിച്ച തത്വങ്ങളിലും കാണാനാവുക. പാരിമാണികങ്ങൾ പലതിനും സാർവനാമിക സ്വഭാവമുണ്ട്. അവ ഒരു പ്രത്യേക വ്യക്തിയെ അല്ലെങ്കിൽ വസ്തുവിനെ എന്നതിലുപരി ഒരു കൂട്ടം ഗുണങ്ങളെയാണ് പരാമർശിക്കുന്നത്. സംജ്ഞാനാമങ്ങളെപ്പോലും ഇത്തരത്തിൽ ഗുണങ്ങളുടെ സംഘാതമായി മനസ്സിലാക്കാവുന്നതാണ്. ഉദാഹരണത്തിനു രാമു എന്ന നാമം തനിച്ചെടുത്താൽ അതിനു പ്രത്യേകിച്ചൊരു അർഥവുമില്ല, അത് ഒരു വ്യക്തിയെയും കുറിക്കുന്നുമില്ല. എന്നാൽ ഒരു കൂട്ടം സവിശേഷതകളുടെ ('രാമുത്തങ്ങളുടെ' )ഗണമായി മനസ്സിലാക്കുന്നതുകൊണ്ടാണു (രാമു എന്നു പേരുള്ള വ്യക്തി പ്രസക്തമാവുന്ന) ചില സന്ദർഭങ്ങളിൽ ഒരാൾ ദൂരെനിന്നു വരുന്നത് കണ്ടാൽ അത് രാമുവാണ് എന്നു പറയാൻ കഴിയുന്നത്. രാമു എന്ന വ്യക്തിയെ ഓരോരുത്തരും മനസ്സിലാക്കുന്നത് ഓരോ വിധത്തിലാണ്. അതുകൊണ്ടുതന്നെ ആ പദത്തിന്റെ പരാമർശം ഓരോ ഭാഷകയെ സംബന്ധിച്ചിടത്തോളവും വ്യത്യസ്ത ഗുണങ്ങൾ ഉൾപ്പെടുന്നതാവാം

സാർവഭാഷിക വ്യാകരണത്തിന്റെ പ്രജനക പാരമ്പര്യത്തിൽ വ്യത്യസ്ത ഭാഷകളിലെ പാരിമാണികങ്ങളുടെ വ്യാപ്തി ഉൾപ്പെടെയുള്ള ഘടനാസവിശേഷതകൾ വിശകലനം ചെയ്യുന്നതിന് ഏറെ പ്രസക്തിയുണ്ട്. ഇത്തരത്തിൽ മലയാളത്തിലെ പാരിമാണികങ്ങളെക്കുറിച്ച് വിവരണപരമായ പഠനങ്ങൾ കരെൻ ഡി ക്ലാർക്ക് (2018), പിലാർ & അന്റോണിയോനി (2017) എന്നിവയിൽ കാണാവുന്നതാണ്. പാരിമാണികങ്ങളുടെ ഏറ്റവും

നൂതനമായ നാനോസിന്റാക്ലിക് വിശകലനമാണ് ആദ്യ കൃതിയിൽ കാണുന്നതെങ്കിൽ അവയുടെ വ്യാപ്തി സംബന്ധമായ സവിശേഷതകളും വിതരണവുമെല്ലാം വിവരിക്കുന്നുണ്ട് രണ്ടാമത്തേതിൽ.

ചുരുക്കി പറഞ്ഞാൽ ഭാഷാ വിശകലനം എന്നത് രൂപതലത്തിൽ നിന്നു മാറി വാക്യ-അർത്ഥതലങ്ങളിൽ കൂടുതൽ സാങ്കേതികമായ, സൈദ്ധാന്തികമായ ചോദ്യങ്ങൾക്കുത്തരം നല്കുന്ന തരം വിശദീകരണങ്ങൾക്കായി അന്വേഷിക്കേണ്ടിയിരിക്കുന്നു.

## ഗ്രന്ഥ സൂചി


1. ജോർജ് മാത്തൻ, 2000. *മലയാഴ്മയുടെ വ്യാകരണം*,തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. മാധവൻ പി., 1996. *'പദക്രമം : ശൈലീഭേദമോ വ്യാകരണ വിഷയമോ?'* മലയാള വിമർശം.ജൂൺ. ലക്കം-14. തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല
3. രവിശങ്കർ എസ് നായർ., 2011. *വാക്യദർശനം*, തിരുവനന്തപുരം:കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. രാജരാജവർമ്മ, ഏ.ആർ. 1982. *കേരളപാണിനീയം*. കോട്ടയം: എൻ.ബി.എസ്.
5. സൗമ്യ പി.എൻ., 2017. *'പാരിമാണികങ്ങൾ മാത്തനിലും പീറ്ററിലും'*.മിഷണറി ഭാഷാശാസ്ത്രം. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
6. Asher, R.E., & Kumari, T.C. 1997. *Malayala* London: Routledge
7. Chamorro Fernandez, Pilar & Antonini, Lindsey. 2017. *Quantification in Malayala*
8. 10.1007/978-3-319-44330-0_9. Retrieved on 16-02-19
9. De Clercq, Karen.2018 "*Quantifiers in Malayala A Tribute to Dany and Operators in the Lexicon.*" https://dj60.be/wp-content/uploads/2018/01/declercq.pdf. Retrieved on 16-02-19
10. Jayaseelan, K.A. 2001 "*IP-internal Topic and Focus Phrases,*" Studia Linguistica 55, 39-75.